# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6201 10.07.12-ൽ മറുപടിക്ക്.

## ത്രിതല പഞ്ചായത്തുകളിലെ 12-ാം പഞ്ചവത്സര പദ്ധതി

| ചോദ്യം<br>ശ്രീ.വി.ശശി | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ത്രിതല പഞ്ചായത്തുകളുടെ 12-ാം പഞ്ചവത്സര പദ്ധതി പ്രവർത്തനം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | ഇതു സംബന്ധിച്ച വിശദവിവരം പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ത്രിതല പഞ്ചായത്തുകളിൽ നടന്നുവരുന്നു. |
| (ബി) | നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ അംഗീകാരം നൽകിയ പദ്ധതികളുടെ പേരും തുകയും വ്യക്തമാക്കുമോ; | (ബി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കിലയുടെ നേതൃത്വത്തിൽ മാർഗ്ഗരേഖ പരിചയപ്പെടുത്തുന്നതിനായി പരിശീലന പരിപാടികൾ നടന്നുവരുന്നു. പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, മറ്റ് അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് മെമ്പർമാർ എന്നിവർക്കാണ് പരിശീലനം നൽകിവരുന്നത്. പരിശീലന പരിപാടികൾ ജൂലൈ അവസാനത്തോടെ പൂർത്തീകരിക്കാനും ഓഗസ്റ്റിൽ പ്രോജക്ടുകൾ തയ്യാറാക്കി സെപ്തംബറിൽ നിർവ്വഹണം തുടങ്ങുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാ, ബ്ളോക്ക്, ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന സമിതികൾ ഏതെല്ലാമെന്നും ഈ സമിതികൾഎന്നുമുതൽ നിലവിൽ വന്നുവെന്നും സമിതികളുടെ ചുമതലകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (സി) | പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികൾ<br>1. പ്രവർത്തനകമ്മിറ്റികൾ (വർക്കിംഗ് കമ്മിറ്റികൾ)<br>2. സ്റ്റാന്റിംഗ് കമ്മിറ്റികൾ<br>3. സ്റ്റിയറിംഗ് കമ്മിറ്റികൾ<br>സമിതികൾ രൂപീകരിക്കേണ്ട തീയതിയും സമിതികളുടെ ചുമതലകളും സംബന്ധിച്ച വിശദാംശംതദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം സമിതികൾ രൂപീകരിച്ചിട്ടില്ലായെങ്കിൽ അതിന് പകരം നിർദ്ദേശിക്കപ്പെട്ട സംവിധാനത്തെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ